Traditional Songs
Chantham Charthu Songs
Mylanchi Songs
Wedding Reception Songs
Wedding Related Prayers
Wedding Customs
Prayers



# പാണൻ പാട്ടും ക്നായ്തോമ്മായും

"പാണൻ വരവും പാട്ടും" എന്ന ശീർഷകത്തിൽ ഡോ.പി.ജെ. തോമസ് (കേരളത്തിലെ ക്രിസ്തീയ സാഹിത്യം, സെന്റ് മേരീസ് പ്രസ്, അതിരമ്പുഴ, 1935.) പ്രസിദ്ധം ചെയ്ത ഒരു പഠനമാണ് താഴെ ചേർക്കുക.

## പാണൻ വരവും പാട്ടും

ചില ദിക്കുകളിലെ നസ്രാണികളുടെയിടയിൽ കല്യാണദിവസം 'പാണൻ വരവ്' എന്നൊരു ചടങ്ങുകൂടിയുണ്ട്. കല്യാണം കെട്ടിക്കയറി അതിഥികൾ വന്നിരിക്കുമ്പോൾ (തലമേശക്കാർ വെള്ളയും കരിമ്പടവും വിരിച്ചതിലാണിരിക്കുന്നത്). പാക്കനാർ എന്നും പാണൻ എന്നും പേരുള്ള ജാതിയിലെ ഒരുത്തൻ പെട്ടെന്നു പ്രത്യക്ഷനായി ശക്തിയേറിയ ഒരു സ്വരം ഉണ്ടാക്കി നസ്രാണികളുടെ പദവികളെ കീർത്തിച്ച് ഒരു പാട്ടു പാടാറുണ്ട്. കോട്ടയത്തിനു വടക്കോട്ടുള്ള ചില ദിക്കുകളിൽ ഇന്നും ഈ ആചാരം നിലച്ചിട്ടില്ല. ചേരമാൻ പെരുമാൾ തങ്ങളുടെ ജാതിധർമ്മത്തിനു ചേരാത്തതായ ഒരു കല്യാണം നടത്തിച്ചുവെന്നുള്ള കാരണത്താൽ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ നായകുടി പരിഷകൾ രാജ്യം വിട്ട് ഈഴത്തുനാട്ടിലേയ്ക്ക് (ലങ്കയിലേയ്ക്ക്) പൊയ്ക്കളഞ്ഞതും ക്നായിത്തൊമ്മൻ മുതലാളി തിരുവരങ്കനെന്ന പാണനെ കൂട്ടിക്കൊണ്ടു പോയി അവരെ തിരിച്ചു കൊണ്ടുവന്നതും അവർ പൊൻമുടി കാഴ്ച വെച്ചതും ഈഴത്തു നാട്ടിൽ നിന്ന് ഈഴവപ്പരിഷയും അവരൊന്നിച്ചു പോന്നതുമാണ് ഈ പാട്ടിലെ കഥാസാരം. ഈ ചരിത്രം പരമ്പരയാ പാടി എന്നേയ്ക്കും സമ്മാനം വാങ്ങിക്കൊള്ളാമെന്നു തോമ്മാ പാക്കനാർക്ക് അധികാരം കൊടുത്തെന്നാണ് അവർ പറയുന്ന കഥ. ഏതായാലും രസകരമായ ഈ ഐതിഹ്യം വിസ്മരിക്കത്തക്കതല്ല. ക്നായിത്തോമ്മായുടെ വാണിജ്യ പ്രാമുഖ്യം നസ്രാണികളുടെ പദവികൾ മുതലായവ കുറിക്കുന്നതും പല സമുദായക്കാരുടെ സൗഹാർദ്ദനിലയെ ദ്യോതിപ്പിക്കുന്നതും ആയ ഈ പാട്ടുകൾ മുഴുവൻ ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. കുറവിലങ്ങാട്ടിനു വടക്ക് ഇലഞ്ഞി, മുത്തോലപുരം എന്നീ കരകളിൽ പാണന്മാർ പാടികേട്ട ചില ഭാഗങ്ങൾ ഞാൻ കുറേമുമ്പു കുറിച്ചിട്ടതു ചുവടേ ചേർക്കുന്നു. മറ്റു ദിക്കുകളിലുള്ള പാണന്മാരുടെ പാട്ടുകൾകൂടി ശേഖരിച്ച് താരതമ്യം ചെയ്യുന്നപക്ഷം വിലയേറിയ ഒരു ചരിത്രലക്ഷ്യം ലഭിക്കുന്നതാണ്.

'ചേരമാൻ പെരുമാൾ തമ്പുരാനും ക്നായിൽ നല്ലതൊമ്മച്ചനും'
അവർ തങ്ങളിലാരാജ്യം വാണകാലമിന്ന്
നായ്ങ്കുപരിഷ പെണ്ണിനേയോന്നിന്നു പോയ് ബുദ്ധിമുട്ട്

.................................................................................................

പള്ളികളുമിടങ്ങളും ഗോപുരങ്ങൾ തകർന്നു പോയി
ചേരമാൻ മുടി നീണ്ടുപോയി തിരുമുടിയേയിറക്കുവാനായ്
ഒരുപായമില്ല-'നായ്ങ്കുപരിഷയെവിടെയെന്നു തൊമ്മൻ കേട്ടോ?'
''ഈഴമെന്ന നാട്ടിൽ അവർ പാർക്കുന്നുണ്ടെ''ന്നു തൊമ്മച്ചൻ
''പോകണമെന്റെ തൊമ്മാ ഉടനെ ഈഴത്തോളം''
''അടിയൻ'' എന്നവൻ കൊടുക്കൽ ചെലവിന്നില്ല''
''നീ പോയി വരുവോളം ചെലവിനു കൊടുത്തുകൊള്ളാം''
അരിയളന്നു കൊടുത്തു തൊമ്മച്ചൻ അടിയാന്
''വഴിയറിവില്ല ദിക്കറിവില്ല'' അപ്പോൾ തോമ്മാ പറയുന്നു
''പകുതി വഴി ചെന്നാൽ മക്കത്തു ജോനകരുണ്ട്'' (1)
മിന്നയിൽ നല്ല ക (ണ്ണാ) മ്മാളരും ആയി (പട) യുദ്ധം ചെയ്യുന്നു
അവർ തങ്ങളിൽ പടയുണ്ട്

.................................................................................................

ചേരമാന്റെ പള്ളിയസ്ത്രം കൊടുത്തു-തൊമ്മന്റെ.
അംശവടിയേയും അടയാളമായിക്കൊടുത്തു
ഓടിയവൻ പട നടുവിൽ ചെന്നു
പടപകുത്തു വഴി തരിക-പേരു ഞങ്ങൾ അറിയില്ല
പേർ തിരുവങ്കൻ ഊര് അന്തിമല
പട പകുത്തു വഴി കൊടുത്തു
പടയുമങ്ങു കഴിഞ്ഞു ഈഴത്തു നാട്ടിൽ ചെന്നു
കരിമ്പാറപ്പുറത്ത് ഏറുമാടം കൂട്ടിയണച്ചു നെല്ലു ചിക്കിയിരിക്കുന്നു
അവർ തലയിൽ പേൻ കുത്തിയിരിക്കുന്നു
അവർ കണ്ടു തിരുവരങ്കനേ- ''എന്തിനു വന്നു?''
''തമ്പുരാൻ കല്പിക്കുന്നു അവർ വരാൻ
തമ്പുരാനു മുടി നീണ്ടിരിക്കുന്നു''
''ഞങ്ങൾക്കു തമ്പുരാനും തമരുമില്ല
നമ്മുടെ നാട്ടിൽ നേരില്ല നെറിവില്ല
നേരില്ലാത്ത നാട്ടിൽ ഞങ്ങൾ വരുന്നില്ല''.
അപ്പോൾ തൊമ്മച്ചന്റെ അടയാളങ്ങൾ കാണിച്ചു
അവ കണ്ടപ്പോൾ കൂടെപ്പോരാമെന്നു പറഞ്ഞു
അപ്പോൾ കൊടുത്തയക്കണം

---

(1) ജോനകർ എന്ന പദം മഹമ്മദീയരെ ഉദ്ദേശിച്ചായിരിക്കണമെന്നില്ല. 'യവനർ' എന്ന പദത്തിൽ നിന്നുണ്ടായതാണ് ആ പദം. മക്കം Macha എന്നത് അറബിത്തീരത്തിലെ പ്രസിദ്ധ താവളസ്ഥലമാണ്.

ഓരോ സ്ത്രീകളുടേയും പൊന്നെടുത്തു
പൊന്നിൻ മുടിയാക്കി തിരുവരങ്കന്റെ കയ്യിൽ കൊടുത്തു
അവൻ സഞ്ചിയിലിട്ടു ചുമന്നുകൊണ്ടുപോയി
തമ്പുരാന്റെ മുമ്പിൽ പോയി
തൊഴുതു അവൻ മുടി കാഴ്ചവച്ചു"
"എടുക്ക തൊമ്മച്ചാ തിരുവരങ്കൻ വെച്ച കാഴ്ച
അതുകേട്ടു തൊമ്മൻ മുടിയെടുത്തു
തലയിൽ വെച്ചു മുമ്പിൽ ചെന്നു
"ചേരുമോ നിനക്ക്?" "ചേരും"
"പൊന്നിൻ മുടിയാതൊമ്മനു ചേർച്ച"
ഇതു തന്നെ പോരാ തൊമ്മാ
മുടിക്കടുത്ത പദവി വേണം
ഇടുവടിയാന തോരണം വേണം
ഉച്ചിപ്പൂ നെറ്റിപ്പട്ടു പകൽവിളക്കു
പാവാടകൾ കുത്തു വിളക്കു
തീവെട്ടി ആലവട്ടം പച്ചക്കുട മുത്തുക്കുട
ആനമേലേറു തൊമ്മച്ചാ അന്തോളത്തി-
ലേറി നടക്ക-ആനമേലമ്പാരിവീരമദ്ദളം
പെടുകെട്ട് വായ്ക്കുരവ
എഴുപത്തിരണ്ടു പദവികൾ കൊടുത്തു കുറവുതീർത്തു
"നിങ്ങൾ നാൽപേർ കൂടുന്നിടത്തു
തിരുവരങ്കനെ മറന്നിടൊല്ലാ"
ചേരമാന്റെ കുലയാന കൊടുത്തു പിന്നെ
ആനയെ ഞാൻ കൊണ്ടുചെന്നുമാടക്കാലേൽ തളച്ചു
കണ്ടങ്ങൾ കാള പോത്തു എന്നിവയും കൊടുത്തു
ഇതെല്ലാം കൊടുത്തു പിന്നെ ഇരുപതിനെമ്പരിഷമാളോരുടെ
മുമ്പിൽകൊണ്ടുപോയി ഒരാണ്ടൊരിക്കൽ പാടിക്കൊള്ളണം
"അറതുറന്നു പറ നിറച്ചുതരും
ഇങ്ങനെ വർദ്ധിച്ചുകൊൾക".

നായ്ക്കുപരിഷ ഈഴത്തു നിന്നു (Ceylon) പോന്ന വൃത്താന്തം വർണ്ണിക്കുന്ന വേറൊരു ഭാഗം:-

"ഈഴവരാജാവിനെക്കണ്ടു സേവിച്ചു
കരിമ്പാറപുറം വാങ്ങിച്ചു കിടക്കുന്നു
ഇനിയിവിടെ നിന്നു പോകണമെങ്കിൽ പൊയ്ക്കൊള്ളാം
പിന്നെ ഈഴവർ നാലുപേരേയും കൊണ്ടുപോന്നു
അവർ വന്നപ്പോൾ അവരെ വിടാൻ
പാടില്ലായെന്നു കല്പിച്ചു പെരുമാളും"

# പാണൻ പാട്ടിന്റെ പാഠഭേദം

(അഞ്ചാം പതിപ്പു മുതൽ "പാണൻപാട്ടും ക്നായി തോമ്മായും" എന്നൊരു ഭാഗം പുരാതനപ്പാട്ടിൽ കൂട്ടിച്ചേർത്തു. ഇലഞ്ഞി, മുത്തോലപുരം എന്നീ കരകളിൽ പാണന്മാർ പാടിക്കേട്ട പാട്ടിന്റെ ചില ഭാഗങ്ങൾ ഡോ. പി.ജെ. തോമസ് പ്രസിദ്ധം ചെയ്താണത്. എന്നാൽ ഏഴാം പതിപ്പിൽ പിറവത്തും മുളന്തുരുത്തിയിലും പാണന്മാർ ചാടിവരുന്ന പാട്ടിന്റെ പൂർണ്ണരൂപം ചേർത്തിരിക്കുന്നു).

ചേരാം പെരുമാൾ തമ്പുരാനുമേ
ക്നായ് നല്ല തൊമ്മച്ചനുമെ
അവർ തമ്മളില് വാണിരുന്ന
കാലമിപ്പോൾ പാടുന്നല്ലോ
നാങ്കുപരിഷ പെണ്ണിനെയൊന്ന്
വെളുത്തേടൻ താൻ കൈപിടിച്ചു
ആ മൂലമെ നാങ്കുപരിഷകൾ
നാട്ടിൽനിന്ന് പൊയ്ക്കളഞ്ഞല്ലോ
നാങ്കുപരിഷകൾ പോയതുകൊണ്ട്
വളരെയുണ്ട് ബുദ്ധിമുട്ടടാ
പള്ളികളുമെ മഠങ്ങളെല്ലാം
ഗോപുരമെ തകർന്നുടഞ്ഞു
തൂമ്പായും അരിവാള് വാക്കത്തി
കോടാലി എന്നിവയൊന്നും പണിയാതായി
ഏഴു പിഴകൾ പോക്കണ്ടതിന്
എന്തിരുപായമെ ഉള്ളു തൊമ്മച്ചാ
നാങ്കുപരിഷകൾ എവിടുണ്ടെന്ന്
കേൾവിയുണ്ടോ തൊമ്മച്ചായേ
ഊഴത്തെന്ന ദിക്കിലവര്
ഉണ്ടന്നതിന് കേൾവിയുണ്ട്.
അവരെയിങ്ങ് വരുത്തേണ്ടതിന്
എന്തൊരുപായം ഉള്ളു തൊമ്മച്ചാ

മക്കത്തെന്നാ ജോനകരും
ആദിയിൽ നല്ല കമ്മാളരുമായ്
അവർ തമ്മിളിലെ പടയുദ്ധമേ
ഉള്ളതല്ലോ കാലമിപ്പോൾ
തിരുവരങ്കനെ വിട്ടിരുന്നാൽ
കൈതൊഴുവതന് പൊയ്‌വരുമല്ലോ
വിളിക്കടാ വിളിയ്ക്കു തൊമ്മച്ചാ
നമ്മുടെ അടിയാ തിരുവരങ്കനെ
തിരുവരങ്കനെ വിളിച്ച നേരം
കൈ തൊഴുത് വന്നു മനസ്സാൽ
തിരുവരങ്ക നീയിപ്പോഴെ
ഈഴത്തോളമേ പോയി വരാമോ
ദിക്കടിയന് അറിയില്ല
വേഷങ്ങളുമെ അറിയുകയില്ല,
അടയാളങ്ങളെ തന്നയയ്ക്കാം
വിവരത്തെ പറഞ്ഞയയ്ക്കാം
അവർക്കുള്ളൊരു സ്ത്രീകളതിലെ
നെല്ലുമവര് പുഴുങ്ങിച്ചിക്കി
പാത്തലയ്ക്കല് കലം കമത്തി
ഒന്നും തലയിലെ ഒന്നും പിറകെ
പേൻകൊന്ന് ഇരിക്കുമെടാ
ഈ അടയാളങ്ങൾ കണ്ടു നീയ്
ചെന്നു കൊള്ളടാ തിരുവരങ്കോ-
തൊമ്മച്ചന്റെ അംശവടിയും
അടയാളമായ് കൊടുത്തയച്ചു
പടയിലുമെ ജയിച്ചു ചെന്ന്
ഈഴത്തെന്നാ ദിക്കച്ചെന്ന്
നാങ്കുപരിഷകളെ കണ്ട നേരം
നിങ്ങൾ നാലുപേര് പോരണമിപ്പോൾ
തമ്പുരാന്റെ കല്പനയുണ്ട്.
ഞങ്ങളിപ്പോൾ പോരണ്യല്ലടാ
നെറുവില്ലാത്ത നാട്ടിലേയ്ക്ക്.
തൊമ്മച്ചന്റെ അംശവടിയും
അടയാളമായ് കാണിയ്ക്കയാൽ

അംശവടിയെ കണ്ടനേരം
പരവശരായ് നാങ്കുപരിഷകൾ
നാങ്കു പരിഷ നാലുപേരും
ഒരേ വീതമെ പൊന്നെടുത്തെടാ
പൊന്നും മുടിയെ അരനിമിഷംകൊണ്ട്
പണിതീർത്തും കൊണ്ടു വന്നു
മുടി കൊടുവന്ന് കാഴ്ചവയ്ക്കാം.
പിന്നാലെ വരവുണ്ടു ഞങ്ങൾ
അന്നാ നാങ്കു പരിഷകൾതൻ
ചട്ടികലങ്ങൾ ചുമന്നുകൊണ്ട് പോന്ന-
തല്ലോ ഈഴവർ
മുടികൊണ്ടുവന്ന് തൊമ്മച്ചന്റെ
തിരുമുമ്പില് നിന്ന നേരം
തിരുവരങ്കൻ കാഴ്ചവച്ചു
എടത്തോടാ എടുക്കു തൊമ്മച്ചാ
തിരുവരങ്കൻ താൻ വച്ച കാഴ്ച
മുടി വേഗമെ എടുത്തുടനെ
തോമ്മച്ചന്റെ തലയിൽ വച്ചു
തിരുമുമ്പിലെ ചെന്നുനിന്നു
തിരുമുസ്തൊന്ന് ഇളക്കിചിരിച്ചു തൊമ്മൻ
ചേരുമെടാ ചേരും തൊമ്മച്ചോ
പൊന്നും മുടിയെ നിനക്കു തന്നെ
മുടി തന്നെയൊ പോരാ തൊമ്മച്ചന്
മുടിയ്ക്കടുത്ത പദവികൾ വേണം.
ഉച്ചിപ്പൂവ് നെറ്റിപ്പട്ടം
പകൽവിളക്ക് പാവാട
നെറ്റിപ്പട്ടമെ നേർകാളാഞ്ചി (8)
വിരൽ പത്തിലുമെ പൂമോതിരം
വെള്ളികൊണ്ട് ഇടം പിരിയെ
പൊന്നുകൊണ്ടു വലം പിരിയെ
വഴിതോറുമെ തോരണമെ
കയ്ക്കാറുകള് തോളുവളകൾ

അംശവടിയെ കൂമ്പൻ തൊപ്പി
കഴുത്തിൽ മാല പതക്കങ്ങൾ മുഴുകൊന്തകൾ
തീനാളേ വലം തിരികളെല്ലാം
തണ്ടും പല്ലക്കുമെ പരവിതാനങ്ങൾ
ഇടി (9) വെടിയൊ ആർപ്പലങ്കാരം
വഴിതോറുമേ തോരണങ്ങളും
പുതിയാൾക്കാർ നടന്നുപോകെ
പച്ചക്കുടയെ പവിഴക്കുടയും
രത്നക്കുടയെ മുത്തുക്കുടകൾ
കടനാലുമെ കൊടിയെട്ടുമേ
അഴകായിട്ട് പിടിച്ചുകൊള്ള്
അന്തോളത്തെൽ കേറിക്കോടാ
മേനാവിന്മേൽ നടന്നുകൊള്ള്
കനക പല്ലെക്കേലേറിയ്ക്കോടാ
മഞ്ചലുമെ മൂളിച്ചോളിൻ
ആനമേ അമ്പാരിയും
വീര മദ്ദളം അടിച്ചുകൊള്ളടാ
ശംഖില്ലാതെ വാദ്യങ്ങളും
പതിനേഴ് അടിച്ചുകൊള്ള്
ആറ്റിൽ വേപ്പ് പാച്ചിൽമരം
തേക്കിൻ കുമ്പളം വെട്ടി പണിചെയ്തോടാ
വെരികു പുലിയെ കിണറ്റിൽപന്നി
കൊമ്പുചക്ക കുലവാഴയ്ക്ക
അമ്മുലയുമെ മുമ്മുലയുമെ
ചില്ലി ചെങ്കൊമ്പ്
അടക്കി കൊള്ളടാ
കളപ്പുരയോടു കുളിപ്പുരയും
പടിപ്പുരയോടു നാടകശാല
ഭക്ഷണസമയത്ത് ഇലമടക്കുന്നത്
അരപ്പദവിയായ് കരുതണം തൊമ്മച്ചാ
തിരുമുമ്പിലെ വിളക്കെടുക്കാൻ
വിളക്കത്തലയനെ വേണം തൊമ്മച്ചാ

(രാമൻ പാണന്റെ പാട്ടിൽ)

(ഉച്ചിപ്പൂവ് നെറ്റിപ്പട്ടം
പകൽവിളക്ക്, പാവാടകള്
കയ്ക്കാറുകള് തോളുവളകൾ കൂമ്പൻതൊപ്പി
അംശവടിയ് വേണം തൊമ്മാ
കൈക്കടമേ, (1) വീരചങ്ങല കൈക്കടക്കാവു
തോൾ കൂട്ടാര് വേണം തൊമ്മാ
ആറ്റുവയ്പ് (2) ആഞ്ഞിലി, പ്ലാവ്
തേക്കൊട് കുമ്പളം (3) ആയിക്കോടാ
കിണറ്റിപ്പന്നി വെരുക് പുലിയെ (4)
കൊമ്പുചക്ക (5) കൊലവാഴയ്ക്കാ
വഴി ഇരു പുറമേ നഗര് തോരണമേ
തൂക്കിക്കോടാ തൊമ്മാ, നീയ്
കുത്തുവിളക്ക്, കോൽവിളക്ക്
വഴി ഇരുപുറമെ തൂക്കിക്കോടാ
മന്ദാരമേ. (6) മണിവിളക്ക്
തൂക്കിക്കോടാ തൊമ്മാ നീയ്
വെടിയും പടയും, വെടിപടക്കം
ചീനവെടി വയ്പിച്ചോടാ
പച്ചക്കുടയേ പവിഷ (7) ക്കൊടിയെ
മുത്തുക്കുട രത്നക്കുടയെ
കുടനാലുമേ കൊടിയെട്ടുമെ
പിടിപ്പിരെന്റെ തൊമ്മനിപ്പോൾ
കൊട്ടും വെടി ആർപ്പലങ്കാരം
വേണമല്ലോ തൊമ്മനിപ്പോൾ
തണ്ടും പല്ലക്കും പരവതാനി
ആയിക്കോടാ തൊമ്മാ, നീയ്
നാലുകെട്ട് നാടകശാല
വിരിപന്തലുമേ ആയിക്കോടാ
ആനപ്പുറത്ത് അംബാരിമേൽ,
കുതിരപ്പുറത്ത് സവാരിചെയ്ക
പല്ലക്കിലില് ഏറിക്കോടാ
പള്ളിമേനാവേല് ഇരുന്നോണ്ടാലും)
ഏറുകിൽ പൊന്നും മുടിയും
കുറഞ്ഞതായാൽ തൊപ്പിപ്പാള
എഴുപത്തിരണ്ടര പദവികളും അറുപത്തി നാലുയോഗങ്ങളടാ
ആദിത്യനുമേ ചന്ദ്രനുമേ

മാർത്തോമ്മാശ്ളീഹായെയും മൂവരുമെ സാക്ഷിയായി
ചെമ്പേടിന്മേൽ എഴുതി മാറി
കരിങ്കല്ലിന്മേൽ പകർപ്പെടുത്തടാ
കൊടുങ്ങല്ലൂരെ വടക്കേ നടയിൽ കമത്തി മൂടി ഇട്ടു കല്ല്
ഏതു രാജാക്കൾ കണ്ടെന്നാലും
കുറവില്ലെന്റെ തൊമ്മച്ചായെ

മുടികൊടുന്നൊരു തിരുവരങ്കന്
എന്നിതിപ്പോൾ കൊടുക്കിന്നെന്ന്

കന്നികളെ മാലവയ്ക്കുമ്പോൾ
പേർസ്തുതിച്ച് പാടണം നീ

പന്തലിച്ചോർ അവകാശവും
പണവും ചെമ്മേ നൽകണം തൊമ്മച്ചായോ

മുടിയുടെയായ് ചുമട്ടു കൂലിയായ്
കൊലയാനയെത്താൻ കൊടുക്കണം നീ

ആനകേറാൻ കഴിവില്ലാതെ
കോണി കെട്ടി ആനകേറി

ആനയെത്താനെ കൊണ്ടുചെന്നിട്ടു
മാടത്തൂണേൽ തളച്ചു മെല്ലെ

തീറ്റവെട്ടാൻ പോയനേരം
മാടമെല്ലാം അവൻ കളഞ്ഞു.

എട്ടടികോൽ കണ്ടങ്ങളും
കാളപൂട്ടാൻ കൊടുത്തു പിന്നെ

കാളകളെത്താൻ കൊണ്ടുചെന്നിട്ട്
ഇരുതലയാലെ (10) പൊരുതുപൂട്ടി

മുമ്പോട്ടുമെ പോവതില്ല
പിമ്പോട്ടുമെ പോവതില്ല

ഉഴുതടിച്ചേ നുകമൊടിച്ചു
പോയിതെല്ലാം കാവു തേടി

വിതപ്പാനായ് കൊടുത്ത വിത്ത്
വറുത്തിടിച്ച് മധു കുടിച്ചു

എതിരെ തിരുവരങ്കൻ
തൊമ്മച്ചന്റെ തിരുമുമ്പിലെ

പെരിയൊരു തമ്പുരാനെ
അടിയനെളിയ വരം തരണം
അടിയനു ക്ഷീണനാളിൽ
കഴിവാനുള്ള വരം തരണം
എന്റെ നാമമെ സ്തുതിച്ചു നീയെ
കുടിലുകൾ തോറുമെ പാടിക്കൊള്ളടാ
എന്റെ നാമമെ കേക്കുമ്പെഴടാ
പെരതുറന്ന് വിളക്കു വളയ്ക്കും
വച്ചൊരു വിളക്കിങ്കല്
അന്നവിടെ ഉണ്ടടാ ഞാൻ
അറിവുള്ളൊരു സമ്പന്നര്
പറനെല്ലാല് തരും നിനക്ക്
ഉപ്പോടെ മുളക് ഉള്ളിയും
മാങ്ങയോടെ തേങ്ങയെല്ലാം
ഒരു പെരയിലെ ഉള്ള വസ്തുക്കൾ
കുറയാതെ തരും നിനക്ക്
അവയല്ലാതെ വരം നിനക്ക്
സന്തതിമാർ കാലത്തോളം
അങ്ങുതന്ന ആ വരത്താൽ
ഇന്നിരുന്ന് പാടിടുമ്പോൾ
സന്തതിയുമെ വർദ്ധിക്കണം
തറവാടുമേ തെളിഞ്ഞിരിക്കാ-
തൊമ്മച്ചൻതാൻ വാണപോലെ
ഈ വീടുമേ വാണിരിക്കാ
നാലില്ലമെ തെളിഞ്ഞപോലെ
ഈയില്ലമെ തെളിഞ്ഞിരിക്ക.

1. വള
2. പുഴമണ്ണിടിഞ്ഞ് രൂപപ്പെട്ട ഫലസമൃദ്ധമായ നിലം
3. തേക്കും കുമ്പളവും

4. വേങ്ങമരം
5. പ്ളാവുണ്ടായി കായിച്ചാൽ ആണ്ടുതോറും ഒരു ചക്ക മേൽക്കോയ്മയ്ക്കു കൊടുക്കണം.
6. വലിയ വിളക്ക്
7. പവിഴം
8. നെറ്റിപ്പട്ടത്തിൽനിന്ന് കീഴോട്ടു തൂങ്ങിക്കിടക്കുന്ന ഭാഗം
9. ഇടി-ഇടിനട-നടനടായേ
10. നുകത്തിൽ ഓരോ കാളയെ മുമ്പോട്ടും പിറകോട്ടും തിരിച്ചുകെട്ടി